# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 801 25.01.2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ധനസഹായം

| | ചോദ്യം<br>ശ്രീ.വി.പി സജീന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാധനസഹായത്തിനായുള്ള നടപടി ക്രമങ്ങൾ ഓൺലൈൻ രീതിയിലേക്ക് മാറ്റിയതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | പട്ടികജാതി വികസന വകുപ്പുമുഖേന ചികിത്സാ ധനസഹായം ഓൺലൈനായി വിതരണം ചെയ്യുന്നതുമൂലം പ്രശ്നങ്ങളുണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ധനസഹായം അതിവേഗം വിതരണം ചെയ്യുവാൻ t-grantz-ലൂടെ കഴിയുന്നുണ്ട്. നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ t-grantz പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ടില്ല. ഓൺലൈൻ സമ്പ്രദായമായ t-grantz പദ്ധതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിൽ നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| ബി) | പ്രസ്തുത അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനും ഓൺലൈനായി അപ് ലോഡ് ചെയ്യുന്നതിനുമുള്ള സാങ്കേതിക ക്രമീകരണങ്ങൾ ബ്ലോക്ക് പട്ടികജാതി ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) | പ്രസ്തുത അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള സാങ്കേതിക ക്രമീകരണങ്ങൾ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകർക്ക് സ്വന്തമായോ അക്ഷയകേന്ദ്രങ്ങൾ മുഖേനയോ അപേക്ഷകൾ അപ് ലോഡ് ചെയ്യാവുന്നതാണ്. |
| സി) | അക്ഷയ സെന്ററുകൾ ഈ അപേക്ഷകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിന് വൻതുക ഫീസ് ഈടാക്കുന്നതു മൂലം പാവപ്പെട്ട പട്ടികജാതിക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്ഷയ സെന്ററുകളിൽ ഇതിനായി ഫീസ് നൽകേണ്ടതില്ല. അപ് ലോഡ് ചെയ്യുന്നതിന്റെ ഫീസ്, വകുപ്പ് അക്ഷയയ്ക്ക് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | ട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്ന തിനുള്ള നടപടി സ്വീകരിക്കുമോ; | | |
| ഡി) | എം.എൽ.എ-മാർ മുഖേന നൽകുന്ന അപേക്ഷകൾ സെക്രട്ടേറിയറ്റിൽത്തന്നെ ഓൺലൈനായി പ്രോസസ്സ് ചെയ്യുന്നതി നുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**